IV സബ്മിഷൻ

(1) അഗളി പഞ്ചായത്തിലെ കുടി ഒഴിപ്പിക്കൽ

ശ്രീ. പി. കുമാരൻ : സർ, അഗളി പഞ്ചായത്തിൽ മുക്കാലി, ചിണ്ടക്കി, പോത്തുപ്പാടി, കട്ടേക്കാട്, കുറുക്കൻകുണ്ട് മുതലായ ഭാഗങ്ങളിൽ മുപ്പതുമുപ്പത്തഞ്ചു കൊല്ലത്തെ കൈവശാവകാശമുള്ള കൃഷിക്കാരെ ഒഴിപ്പിക്കാനുള്ള നടപടികളും പാലക്കാട് മണ്ണാർക്കാട് തഹസീൽദാരെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഇതിന്റെ ഫലമായി ആ ഭാഗത്തുള്ള കൃഷിക്കാരാകെ വളരെ സംഭീതരായിരിക്കുകയാണ്. ഈ പരിതഃസ്ഥിതിയിൽ അട്ടപ്പാടി കോ ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയിൽ ഞാൻ അന്വേഷിച്ചപ്പോൾ ഈ ഫാമിംഗ് സൊസൈറ്റിയുടെ അധീനതയിലുള്ള ഭൂമിയുള്ള കൃഷിസ്ഥലമാണതെന്ന് ആണ് അറിയാൻ കഴിഞ്ഞത്. എന്നാൽ സൊസൈറ്റിയുണ്ടാകുന്നതിന് എത്രയോ കാലംമുമ്പ് തന്നെ ഈ കൃഷിക്കാരുടെ കൈവശത്തിലാണ് ഈ സ്ഥലങ്ങൾ. സൊസൈറ്റിയുടെ കൈവശമുള്ള സ്ഥലത്തിന് പ്രത്യേകിച്ച് സൊസൈറ്റി സ്ഥലം ഏറ്റെടുത്തപ്പോൾ കമ്പിവേലി കെട്ടി തന്നെ മാറ്റിതിരിച്ചിട്ടുണ്ട്. ഈ പരിതഃസ്ഥിതിയിൽ ഈ കൃഷിക്കാരുടെ കൈവശ സ്വഭാവത്തെപ്പറ്റി അന്വേഷിക്കുവാൻ ഒരു ഉത്തരവാദപ്പെട്ട കമ്മിറ്റിയെ അയച്ചോ മറ്റോ ഈ ഭൂമിയുടെ കൈവശാവകാശത്തിന്റെ കാര്യം പൂർണ്ണമായി മനസ്സിലാക്കി കൃഷിക്കാരെ സഹായിക്കാനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, വ്യാപകമായ കുടിയൊഴിപ്പിക്കൽ നടത്തുന്നുവെന്ന് പറയുന്നത് ശരിയല്ല. അഗളി പഞ്ചായത്തിലെ കല്ലുമല വില്ലേജിൽ ഭവാനി നദിയുടെ പുറമ്പോക്കിലുള്ള 5 ഏക്കർ ഭൂമി കയ്യേറുകയും, കട്ടേക്കാട് ആദിവാസി കോളനിയിലേക്കുള്ള വഴി ഇല്ലാതാക്കുകയും ചെയ്ത ഏതാനും ആളുകളുടെ പേരിൽ എൽ. സി. കേസ് എടുത്തിട്ടുണ്ട്. നിയമപരമായ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. ഏതാണ്ട് പത്തോളം വകുപ്പുകൾക്കുമാത്രമാണ് ആ നടപടി സ്വീകരിച്ചിട്ടുള്ളത്. ഇവർക്ക് തീർച്ചയായിട്ടും വീണ്ടും സബ് കളക്ടർമാരുടെ മുമ്പിലോ കളക്ടർമാരുടെ മുമ്പിലോ പരാതി കൊടുക്കാവുന്നതാണ്. വ്യാപകമായ കുടിയൊഴിപ്പിക്കൽ നടക്കുന്നുവെന്നുള്ള പ്രസ്താവന ശരിയല്ല.

(2) കുണ്ടറ സ്റ്റാർച്ച് ഫാക്ടറി തൊഴിലാളികളുടെ സമരം

ശ്രീ. തോപ്പിൽ രവി : സർ, കുണ്ടറ ലക്ഷ്മിസ്റ്റാർച്ച് ഫാക്ടറിയിലെ തൊഴിലാളികൾ ഈ ഒക്ടോബർ മാസം 9-ാം തീയതി മുതൽ സമരത്തിലാണ്. ദീർഘകാല കരാറുകളുണ്ടാക്കുക, 1985-86-ൽ ന്യായമായ ബോണസ് നൽകുക, നാലുവർഷത്തിലേറെയായി കാഷ്വൽ ലേബറേഴ്സായി പണിയെടുക്കുന്നവരെ സ്ഥിരപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് തൊഴിലാളികൾ സമരത്തിൽ ഏർപ്പെട്ടിരിക്കുന്നത്. പക്ഷേ വളരെ കർക്കശമായ ഒരു സമീപനമാണ് മാനേജ്മെന്റ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്. പല തലത്തിൽ പല ചർച്ചകളും ഇതിനകം നടന്നെങ്കിലും ഒരു ധാരണയിലുമെത്താൻ കഴിഞ്ഞിട്ടില്ല. തിരുവോണ ദിവസംപോലും ഷെഡ്ഡുകെട്ടി ഈ ഫാക്ടറി

LIBRARY ARCHIVES Kerala Legislative Assembly

പട്ടിക്കരം ഉപവാസം അനുഷ്ഠിക്കേണ്ടിവന്ന ഒരു ദുരവസ്ഥയാണ്. ആ ഫാക്ടറിയിലെ തൊഴിലാളികൾക്ക് നേടിത്തത്. മാനേജ്മെന്റിന്റെ സഹായ കരമല്ലാത്ത സമീപനം മാറി ന്യായമായ തൊഴിലാളികളുടെ അവകാശങ്ങൾ അംഗീകരിച്ചു കൊടുക്കുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും തൊഴിൽ വകുപ്പിൽനിന്ന് ഉണ്ടാക്കണമെന്നും സമരം എത്രയുംവേഗം ഒത്തുതീർപ്പിലെത്തിക്കുന്നതിന് നടപടികൾ എടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ പ്രധാനമായും ബോണസിനെയും അതിന്റെ ദീർഘകാല കരാറിനെപ്പറ്റിയുമുണ്ടായിട്ടുള്ള ഒരു സമരമാണ്. തുടർച്ചയായി നഷ്ടമുള്ള ഒരു കമ്പനിയായതുകൊണ്ട് സ്റ്റാറ്റ്യൂട്ടറി ബോണസ്, നിയമ പ്രകാരം അർഹതയുള്ള ബോണസ് മാത്രമേ കൊടുക്കുകയുള്ളൂ എന്ന നിർബന്ധബുദ്ധിയിൽ നിൽക്കുകയാണ് മാനേജ്മെന്റ്. നിരവധി അനുരഞ്ജനശ്രമങ്ങൾ നടന്നുവെങ്കിലും അവസാനം 14-10-1986-ൽ ഞാൻ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി. ആ എട്ടും മൂന്നിലൊന്ന് എന്നുള്ളതിൽനിന്ന് അല്പമൊക്കെ മാറ്റം വരുത്താൻ മാനേജ്മെന്റ് തയ്യാറായി എങ്കിലും ഇരുകൂട്ടർക്കും സ്വീകാര്യമായ ഒരു ഒത്തുതീർപ്പിലെത്താൻ കഴിഞ്ഞിട്ടില്ല. ഗവൺമെന്റിന്റെ ശ്രമം തുടരുന്നതാണ്.

(3) വെള്ളായണി കാർഷിക കോളേജിലെ ജോലിക്കാരനെ പോലീസ് സ്റ്റേഷനനിൽ കൊണ്ടുപോയി മർദ്ദിച്ച സംഭവം

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, കഴിഞ്ഞ ശനിയാഴ്ച വെള്ളായണി കാർഷിക കോളേജിലെ ഒരു ജോലിക്കാരനെ നേമം പോലീസ് സ്റ്റേഷൻ സബ്ഇൻസ്പെക്ടറും പാർട്ടിയുമായിവന്ന് കസ്റ്റഡിയിലെടുത്ത് നേമം പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി അതികഠിനമായി മർദ്ദിച്ചതിനു ശേഷം അയാളുടെ മീശ വലിച്ചുപിഴുത് എണ്ണിനോക്കിയിരിക്കുന്നു. അടിയന്തിരാവസ്ഥക്കാലത്തെ പോലീസ് അതിക്രമങ്ങളെ അതിശയിപ്പിക്കുന്ന രീതിയിലാണ് സർ, ഇപ്പോഴും പോലീസ് സ്റ്റേഷനിൽ നടക്കുന്ന പോലീസ് അതിക്രമങ്ങളും അക്രമങ്ങളും നിയമസഭയിൽത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പൊലീസുകാർക്ക് വെടിവയ്ക്കാനുള്ള അവകാശമുണ്ടെന്നു പറഞ്ഞതിന്റെ മൂന്നാംപക്കമാണ് ഈ സംഭവം നടന്നിരിക്കുന്നത്. ആഭ്യന്തര വകുപ്പുമന്ത്രിയുടെ നിർദ്ദേശമനുസരിച്ചാണ് പോലീസ് ഉദ്യോഗസ്ഥൻമാർ അവരുടെ ഔദ്യോഗിക കൃത്യം നിർവ്വഹിക്കുന്നത്. അതുകൊണ്ട് ഇനിയെങ്കിലും പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി മീശ പിഴുന്നതിന് ഉത്തരവ് കൊടുക്കരുതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, മണിയന്റെ പേരിൽ രണ്ടു കേസ്സിൽ പരാതിയുണ്ടായതിന്റെ അടിസ്ഥാനത്തിൽ പോലീസ് ചെന്ന് മണിയനെ ചോദ്യം ചെയ്തു. ഒരു കേസ് കോടതിയിൽ ഫയൽ ചെയ്തു ശിക്ഷിച്ചു. രണ്ടാമത് വേറൊരു വീട്ടുകാരുടെ നേരെയുണ്ടായ അക്രമത്തെ കുറിച്ചുള്ള ഒരു പരാതി കിട്ടി. അങ്ങനെ ആ പരാതി അന്വേഷിക്കാൻ വേണ്ടിയിട്ടാണ് പോലീസ് സ്റ്റേഷനിൽ വിളിച്ചത്. അദ്ദേഹത്തെക്കുറിച്ചുള്ള വ്യക്തിപരമായ അഭിപ്രായമൊക്കെ ശ്രീ. വി. ജെ. തങ്കപ്പന് അറിയാം... എതായാലും ശരി അദ്ദേഹത്തെ സ്റ്റേഷനിൽ വിളിച്ചുകൊണ്ടുപോയിട്ട് മർദ്ദിച്ച് എന്നതിനെക്കുറിച്ച് സിറ്റി പോലീസ് കമ്മീഷണറോട് അന്വേഷിക്കാൻ പറഞ്ഞു. അന്വേഷിച്ചപ്പോൾ ചിലത് നടന്നുവെന്നു പറഞ്ഞപ്പോൾ ആ

LIBRARY ARCHIVES Kerala Legislative Assembly